പാർട്ടടെം ഹിന്ദി അദ്ധ്യാപകന്മാരുടെ ഡി. എ. കാര്യം.

* 1658. [35] ശ്രീ. ആർ. സുഗതൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പാർട്ടടെം ഹിന്ദി അദ്ധ്യാപകന്മാർക്ക് 12 രൂപ Special D. A. അനുവദിച്ചിരുന്നതു്—ഇനി അവകാശമില്ലെന്നു് ആഭ്യവാരത്തിൽ കംപ്ട്രോളരുടെ ആഫീസിൽനിന്നും ഉത്തരവായ വിവരം ഗവണ്മെൻറിനറിയാമോ?

(ബി) ഈ അദ്ധ്യാപകന്മാർ മുമ്പു വാങ്ങിയ ഡി. എ. റീഫണ്ട് ചെയ്യണമെന്നും ആവശ്യപ്പെട്ടിരിക്കുന്നതായറിയാമോ?

(സി) ഇതിനെപ്പറ്റി പുനരാലോചിച്ചു് പാർട്ടടെം അദ്ധ്യാപകർക്കു് അനുകൂലമായ തീരുമാനം ചെയ്യാൻ ഗവണ്മെൻറ് തയ്യാറാകുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) പാർട്ടടെം ഹിന്ദി അദ്ധ്യാപകർക്ക് ഡിയർനസ്സ് അലവൻസൊഴിച്ചുള്ള മറ്റലവൻസുകളും കൊടുക്കുന്നതിനെ കംപ്ട്രോളർ ഒബ്ജക്ട് ചെയ്തിട്ടുണ്ടു്.

(ബി) അറിയാം. എന്നാൽ ഡിപ്പാർട്ടുമെൻറിൽനിന്നും അതിനുള്ള ഉത്തരവുകളൊന്നും അയച്ചിട്ടില്ല.

(സി) ഇതുസംബന്ധിച്ച കാര്യങ്ങളെല്ലാം ഗവണ്മെൻറിൻെറ പരിഗണനയിലാണു്.

UNSTARRED QUESTIONS AND ANSWERS.

ലിഫ്റ്റുകൾ ഇറിഗേഷൻ പദ്ധതികളും.

389. [3] ശ്രീ. കെ. കുഞ്ഞമ്പു: താഴെകാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്തു് അനുവദിച്ചിട്ടുള്ള ലിഫ്റ്റുകൾ ഇറിഗേഷൻ പദ്ധതികളും ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമതക്കുറവുമൂലം പദ്ധതി നടപ്പിലാക്കാൻ കാലതാമസം വരുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊന്നാനി താലൂക്കിൽ ഭാരതപ്പുഴയുടെ തീരത്തുള്ള മൂന്നു ലിഫ്റ്റുകൾ ഇറിഗേഷൻ പദ്ധതികൾക്കാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തക്കസമയത്തു തയാറാക്കാത്തതുമൂലം പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കാവശ്യമായ ഇലക്ട്രിസിറ്റി തക്കസമയത്തു കിട്ടാതിരിക്കുവാനുള്ള കാരണം എന്താണെന്നു് ഗവണ്മെൻറ് അന്വേഷിക്കുമോ?

ഉത്തരം.

(എ) ഇല്ല, നേരത്തറിയിച്ചു് 1958-59 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ലിഫ്റ്റുകൾ ഇറിഗേഷൻ പദ്ധതികളും ആരംഭിക്കുകയും അതിനനുവദിച്ചിട്ടുള്ള മുഴുവൻ തുകയും ലാപ്സാകാതെ ചെലവാക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) പൊന്നാനി താലൂക്കിലെ മൂന്നു ലിഫ്റ്റുകൾ ഇറിഗേഷൻ പദ്ധതികളും നല്ല പുരോഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണു്. ഈ പദ്ധതികൾക്കാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തക്ക സമയത്തുതന്നെ തയ്യാറാക്കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly